**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3391** **04-08-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണത്തിലെ പ്രയാസങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . പി . ഉബൈദുള്ള** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് കാലഘട്ടത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ പ്രയാസങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോവിഡ് മഹാമാരിയെ തുടർന്ന് സർവ്വ മേഖലയിലും പ്രയാസങ്ങളും പ്രതിബന്ധങ്ങളും നേരിട്ടിട്ടുണ്ട്. ആ നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. എന്നാൽ കോവിഡ് മൂലമുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും സർക്കാർ നിർദ്ദേശിച്ച കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി നേതൃത്വം വഹിക്കുന്നുണ്ട്. പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി 2021-22 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് 2021 ജനുവരി മാസത്തിൽ തന്നെ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇടയ്ക്ക് വച്ച് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കഴിഞ്ഞില്ല. 43 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒഴികെയുള്ളവ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിന് മുമ്പ് തന്നെ പദ്ധതികൾ അംഗീകാരത്തിനായി ജില്ലാ ആസൂത്രണ സമിതികൾക്ക് സമർപ്പിക്കുകയുണ്ടായി. നിലവിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടുകയും നിർവഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ക്യാരിഓവർ തുക നിശ്ചയിച്ചും സ്പിൽ ഓവർ പദ്ധതി ഉൾപ്പെടുത്തി വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിനും ഉത്തരവ് നൽകിയിട്ടുണ്ട്. പദ്ധതി |

| | | | |
|---|---|---|---|
| | | | നിർവ്വഹണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കൂടുതൽ അധികാരം നൽകി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ചുമതലകൾ നൽകുമ്പോഴും അതിനാവശ്യമായ ഫണ്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൃത്യമായി നൽകുന്നതിൽ വീഴ്ച വരുത്തുന്നതിന്റെ കാരണം അറിയിക്കാമോ; | (ബി) | മേൽ പ്രതിപാദിച്ചതുപോലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാതൃകാപരമായ ഇടപെടലാണ് നടത്തി വരുന്നത്. ആവശ്യമായ ഫണ്ട് നൽകുന്നതിൽ വീഴ്ചയുണ്ടായിട്ടില്ല. കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വാർഷിക പദ്ധതിയിൽ അടിയന്തര പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് സൗകര്യവും അനുമതിയും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി പൊതുവിഭാഗം സാധാരണ വിഹിതം, തനത് ഫണ്ട്, സംഭാവന, എസ്.ഡി.ആർ.എഫിൽ നിന്നും ലഭിക്കുന്ന അഡ്വാൻസ് തുകയും റീ ഇംപേഴ്സ്മെന്റ് തുകയും ഉപയോഗപ്പെടുത്താവുന്നതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട് വിഹിതം മൂന്ന് ഗഡുക്കളായി മാർച്ച്, ജൂലൈ, നവംബർ മാസങ്ങളിലായാണ് നൽകി വരുന്നത്. ഈ വർഷത്തെ ആദ്യ ഗഡു തുക 2021 ഏപ്രിൽ മാസത്തിൽ അനുവദിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് രണ്ട് ഗഡുക്കളായാണ് നൽകുന്നത്. ഇതിൽ ഗ്രാമ/ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾക്കുള്ള ആദ്യ ഗഡു അനുവദിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി നിർവ്വഹണത്തിലും ഫണ്ട് വിനിയോഗത്തിലും കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിനും, ആവശ്യമായ അലോട്ട്മെന്റുകൾ വിഹിതം കുറയ്ക്കാതെയും സാങ്കേതിക തടസ്സം കൂടാതെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | മേൽ പ്രതിപാദിച്ചതുപോലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാതൃകാപരമായ ഇടപെടലാണ് നടത്തി വരുന്നത്. ആവശ്യമായ ഫണ്ട് നൽകുന്നതിൽ വീഴ്ചയുണ്ടായിട്ടില്ല. കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വാർഷിക പദ്ധതിയിൽ അടിയന്തര പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് സൗകര്യവും അനുമതിയും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി പൊതുവിഭാഗം സാധാരണ വിഹിതം, തനത് ഫണ്ട്, സംഭാവന, എസ്.ഡി.ആർ.എഫിൽ നിന്നും ലഭിക്കുന്ന അഡ്വാൻസ് തുകയും റീ ഇംപേഴ്സ്മെന്റ് തുകയും ഉപയോഗപ്പെടുത്താവുന്നതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട് വിഹിതം മൂന്ന് ഗഡുക്കളായി മാർച്ച്, ജൂലൈ, നവംബർ മാസങ്ങളിലായാണ് നൽകി വരുന്നത്. ഈ വർഷത്തെ ആദ്യ ഗഡു തുക 2021 ഏപ്രിൽ മാസത്തിൽ അനുവദിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ |

| | | | |
|---|---|---|---|
| | | | കമ്മീഷൻ ഗ്രാന്റ് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് രണ്ട് ഗഡുക്കളായാണ് നൽകുന്നത്. ഇതിൽ ഗ്രാമ/ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾക്കുള്ള ആദ്യ ഗഡു അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ